**ഭരണഭാഷ-മാതൃഭാഷ**

നം.WEC3- 9159/2020

വനിതശിശു വികസനഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി :01/02/2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

## പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് - ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം 2005 - സർവീസ് പ്രൊവൈഡിങ് സെന്ററായി രജിസ്റ്റർ ചെയ്യുന്നതിന് NGO കളിൽ നിന്നും EOI ക്ഷണിക്കുന്നത് -സംബന്ധിച്ച്

സൂചന : ബഹുമാനപ്പെട്ട സാമൂഹ്യ നീതി വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 17.07.2019 തീയതി ചേർന്ന യോഗ നടപടി കുറിപ്പ് .

ഗാർഹികാതിക്രമങ്ങൾക്ക് ഇരയായ വനിതകൾക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിന് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന ആക്ട്, 2005ന്റെ നടത്തിപ്പിൽ പ്രധാന പങ്ക് വഹിക്കേണ്ട ഏജൻസികളാണ്.

ആക്ട്, 2005 സെക്ഷന് 10(1) പ്രകാരം, സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, 1860 അല്ലെങ്കിൽ കമ്പനീസ് ആക്ട്, 1956/2013 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിന് (നിയമ സഹായം, വൈദ്യസഹായം, സാമ്പത്തിക സഹായം തുടങ്ങിയ കാര്യങ്ങൾ) വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന ഏതെങ്കിലും സന്നദ്ധ സംഘടനകളെയാണ് സേവനദാതാക്കൾ (Service Providers) ആയി വിജ്ഞാപനം ചെയ്തിട്ടുള്ളത്.

ആക്ട്, 2005 സെക്ഷൻ 30 പ്രകാരം ഈ ആക്ടിന്റെ വ്യവസ്ഥകൾ അനുസരിച്ചോ അതിന് കീഴിൽ ഉണ്ടായിട്ടുള്ള ചട്ടങ്ങൾ ഉത്തരവുകൾ എന്നിവ അനുസരിച്ചോ പ്രവർത്തിക്കുകയോ പ്രവർത്തിക്കാൻ ഉദ്ദേശിക്കുകയോ ചെയ്യുന്ന

സേവനദാതാക്കൾ 1860ലെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 21-ാം വകുപ്പിൽ നിർവ്വചിച്ചിരിക്കുന്ന പബ്ലിക്ക് സെർവന്റ് ആയി കണക്കാക്കപ്പെടുന്നതാണ്.

ആക്ട്, 2005ന്റെ നടത്തിപ്പിനും ഗാർഹിക പീഡനത്തിന് ഇരയാകുന്ന വനിതകൾക്ക് അടിയന്തിരവും കാര്യക്ഷമവുമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി സംസ്ഥാന സർക്കാർ എല്ലാ ജില്ലകളിലും വനിത സംരക്ഷണ ഓഫീസർമാരെ നിയമിക്കുകയും, സേവനദാതാക്കൾ, ചികിത്സാ സംവിധാനങ്ങൾ, ഷെൽട്ടർ ഹോമുകൾ എന്നിവയെ വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

I. **സേവനദാതാക്കളുടെ ചുമതലകൾ**

1) പരാതിക്കാരിയുടെ താത്പര്യ പ്രകാരം നിശ്ചിത ഫോറത്തിൽ ഗാർഹിക സംഭവ റിപ്പോർട്ട് (DIR) തയ്യാറാക്കി ബന്ധപ്പെട്ട മജിസ്ട്രേട്ട്, പ്രൊട്ടക്ഷൻ ഓഫീസർ എന്നിവർക്ക് നൽകുക

2) പരാതിക്കാരിയുടെ താത്പര്യ പ്രകാരം, ഒത്തുതീർപ്പ് ശ്രമങ്ങൾ നടത്തേണ്ടതുണ്ടെങ്കിൽ ഇരുകക്ഷികളെയും വിളിച്ച് വരുത്തി ഒത്തുതീർപ്പിന് ശ്രമിക്കുക.

3) പ്രശ്ന പരിഹാരത്തിനായി ഫാമിലി കൗൺസലിംഗ് ആവശ്യമാണ് എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം സേവനദാതാവിന്റെ ഓഫീസിൽ / വനിത സംരക്ഷണ ഓഫീസിൽ / മറ്റ് അംഗീകൃത കൗൺസലിംഗ് സെന്ററുകളിൽ ലഭ്യമായ സൗജന്യ ഫാമിലി കൗൺസലിംഗ് സേവനങ്ങൾക്കായി ഇരുകക്ഷികളെയും വിധേയമാക്കുക.

4) അതിക്രമത്തിനിരയായ ആളെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുകയും പരിശോധനാ റിപ്പോർട്ട് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ, വനിത സംരക്ഷണ ഓഫീസർ എന്നിവർക്ക് നൽകുക.

5) പരാതിക്കാരി ആവശ്യപ്പെടുന്ന പക്ഷം ഷെൽട്ടർ ഹോമിൽ പ്രവേശിപ്പിക്കുകയും ഈ വിവരം ഗാർഹികാതിക്രമം നടന്നതായി പറയുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷനില് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.

6) പരാതിക്കാരിയ്ക്ക് ഈ ആക്റ്റിൻകീഴിൽ, ലഭ്യമാകുന്ന സേവനങ്ങളായ സൗജന്യ നിയമ സഹായം, വനിത സംരക്ഷണ ഓഫീസറുടെ സേവനം, ഷെൽട്ടർ ഹോം, ആരോഗ്യ പരിചരണം എന്നിവയും IPC 498A പ്രകാരം കേസ് ഫയൽ ചെയ്യാമെന്നതിനെപ്പറ്റിയുള്ള അറിവും സൗജന്യ നിയമ സഹായവും നൽകുക.

## II. നിർവ്വഹിക്കേണ്ട സേവനങ്ങൾ

1) പരാതിക്കാരുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള സേവനങ്ങൾ

പരാതിക്കാരായ സ്ത്രീകളുടെ അവകാശങ്ങളേയും അന്തസ്സിനേയും സംരക്ഷിച്ചു കൊണ്ടുള്ള സേവനങ്ങൾ അടിയന്തിരമായും കാര്യക്ഷമമായും ലഭ്യമാക്കേണ്ടതാണ്.

2) പരാതിക്കാരുടെ സുരക്ഷിതത്വം

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ സമൂഹത്തിൽ നടക്കുന്ന എല്ലാത്തരം അതിക്രമങ്ങൾക്കും മുൻവിധികളില്ലാത്ത സമീപനം സേവനദാതാവ് കൈക്കൊള്ളേണ്ടതാണ്. ഗാർഹിക പീഢനത്തിന് ഇരയാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിന് പ്രഥമ പരിഗണന നൽകേണ്ടതും ആവശ്യമെങ്കിൽ അവരെ സുരക്ഷിതമായ അഭയകേന്ദ്രത്തിലേക്ക് (Shelter Home) മാറ്റേണ്ടതുമാണ്.

3) സ്ത്രീ ശാക്തീകരണം

ഗാർഹികാതിക്രമങ്ങളിൽ നിന്ന് പരാതിക്കാരെ സംരക്ഷിക്കുന്നതിനോടൊപ്പം അവരെ തങ്ങളുടെ അവകാശങ്ങളെ കുറിച്ച് ബോധവൽക്കരിക്കുന്നതിനും ശാരീരികവും മാനസികവും സാമ്പത്തികവുമായി ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സേവനദാതാക്കൾ നടത്തേണ്ടതാണ്. വനിത ശിശു വികസന വകുപ്പ്, കേരള സാമൂഹ്യ ക്ഷേമ ബോർഡ്, സർക്കാറിന്റെ മറ്റ് വകുപ്പുകൾ എന്നിവരുമായി ചേർന്ന് സ്വയം തൊഴിൽ പരിശീലനങ്ങൾ നൽകി, സ്വയം സംരംഭകരായി മാറാനും അങ്ങനെ സാമ്പത്തികമായി ശക്തി നേടാനും സ്ത്രീകളെ പ്രാപ്തരാക്കുന്നതിന് ആവശ്യമായ നടപടികള് എടുക്കേണ്ടതാണ്.

4) വിവേചന രഹിതമായ സേവനങ്ങളും സ്ത്രീപക്ഷ കാഴ്ച്ചപ്പാടോടുകൂടിയ പെരുമാറ്റവും

സമൂഹത്തിലെ എല്ലാ തട്ടിലും എല്ലാ പ്രായത്തിലുമുള്ള സ്ത്രീകളോട് വിവേചന രഹിതമായും മുൻവിധികളില്ലാതെയും സഹാനുഭൂതിയോടെയും സേവനങ്ങൾ നൽകേണ്ടതാണ്. സെന്ററിലെ ജീവനക്കാര് സ്ത്രീപക്ഷ കാഴ്ച്ചപ്പാടുള്ളവർ ആണ് എന്നും ആവശ്യമായ പരിശീലനം ലഭിച്ചിട്ടുണ്ട് എന്നും സേവനദാതാവ് ഉറപ്പു വരുത്തേണ്ടതാണ്.

5) പരാതിക്കാരിയുടെ അഭിപ്രായങ്ങൾ മുഖവിലയ്ക്ക് എടുക്കുക

ഈ ആക്ട് പ്രകാരമുള്ള നടപടികൾ എടുക്കുന്നതിനും മറ്റ് സേവനങ്ങൾ നൽകുന്നതിനും മുമ്പ് പരാതിക്കാരിയുടെ അഭിപ്രായങ്ങൾ മുഖവിലയ്ക്കെടുക്കേണ്ടതും തുടർനടപടികള് കൈക്കൊള്ളുന്നതിനുള്ള അനുമതി പരാതിക്കാരിയിൽ നിന്നും വാങ്ങിയിരിക്കേണ്ടതുമാണ്.

6) സുരക്ഷിതവും സ്വകാര്യത ഉറപ്പു നൽകുന്നതുമായ അന്തരീക്ഷം

പരാതി നൽകാൻ വരുന്ന സ്ത്രീകൾക്ക് അവരുടെ പരാതികൾ അവതരിപ്പിക്കുന്നതിന് സുരക്ഷിതവും സ്വകാര്യത ഉറപ്പ് നൽകുന്നതുമായ സാഹചര്യം ഒരുക്കേണ്ടതാണ്. പരാതിക്കാരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ടതും അവരിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ, രേഖകൾ, പരാതികൾ എന്നിവ സെന്ററിൽ സുരക്ഷിതമായി സൂക്ഷിച്ചിരിക്കേണ്ടതുമാണ്. സ്ത്രീസൗഹൃദമായ ഓഫീസ് (കുടിവെള്ളം, മുലയൂട്ടൽ സൗകര്യം, പരാതിക്കാർക്ക് ഇരിക്കാനുള്ള സംവിധാനം, കൗൺസിലിംഗിന് പ്രത്യേകം മുറി, ടോയിലെറ്റ്) സേവനദാതാവ് ഉറപ്പാക്കേണ്ടതാണ്.

## III. <u>അപേക്ഷയിൽ വനിത സംരക്ഷണ ഓഫീസർ നടത്തേണ്ട അന്വേഷണങ്ങൾ – മൂല്യനിർണ്ണയ രീതി</u>

സേവനദാതാവ് ആയി രജിസ്റ്റർ ചെയ്യപ്പെടുന്നതിന് ഒരു സന്നദ്ധ സംഘടന നൽകിയ അപേക്ഷയിൽ, വനിത സംരക്ഷണ ഓഫീസർ സംഘടന സ്ഥിതി ചെയ്യുന്ന പ്രദേശത്ത് എത്തി അന്വേഷണം നടത്തേണ്ടതും വ്യക്തമായ ശിപാർശ സഹിതം ജില്ല വനിത ശിശു വികസന ഓഫീസർക്കു സമർപ്പിക്കേണ്ടതുമാണ്. അന്വേഷണവും റിപ്പോർട്ടും താഴെപ്പറയുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തി ആയിരിക്കണം.

1) സംഘടനയുടെ ബൈലോ, ആക്ട് 2005ന്റെ ലക്ഷ്യങ്ങളുമായി ആശയങ്ങളിലും പ്രവർത്തിയിലും ചേർന്നു പോകുന്നതായിരിക്കണം. കൂടാതെ സന്നദ്ധ സംഘടനയുടെ പ്രവർത്തനങ്ങളും പദ്ധതികളും സ്ത്രീകളുടെ ക്ഷേമവും ശാക്തീകരണവും ലക്ഷ്യം വച്ചുള്ളതായിരിക്കണം.

2) സന്നദ്ധ സംഘടനയിൽ ഉള്ള ജീവനക്കാർ സ്ത്രീപക്ഷ കാഴ്ച്ചപ്പാട് ഉള്ളവരും ലിംഗ നീതിയിൽ അധിഷ്ഠിതമായി പ്രവർത്തിയ്ക്കുന്നതിനും ഗാർഹിക സംഭവ റിപ്പോർട്ട് (DIR) തയ്യാറാക്കുന്നതിനും ആവശ്യമായ പരിശീലനം ലഭിച്ചവരും ആയിരിക്കണം.

3) സ്ഥാപനത്തിൽ എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതത്വവും സ്വകാര്യതയും ഉറപ്പ വരുത്തേണ്ടതും പരാതി അറിയിക്കുന്നതിനുള്ള പ്രത്യേകം മുറിയും, കമ്പ്യൂട്ടർ, ഇന്റർനെറ്റ് ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്.

4) സമൂഹത്തിൽ പ്രസ്തുത സന്നദ്ധ സംഘടനയ്ക്കുള്ള മതിപ്പ് (സ്ഥാപനത്തിനെ/ സംഘടനയെക്കുറിച്ച് പത്രമാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൾ, സർക്കാർ, സർക്കാരിതര ഏജൻസികൾക്ക് സംഘടനയെക്കുറിച്ചുള്ള അഭിപ്രായം, പ്രാദേശിക തലത്തിലുള്ള സ്വീകാര്യത, സന്നദ്ധ സംഘടനയുടെ വിശ്വാസ്യത, ക്രൈം റിക്കോർഡ്സ് എന്നിവ) പരിശോധിക്കേണ്ടതാണ്.

5) അപേക്ഷ നൽകിയ സന്നദ്ധ സംഘടനയുടെ 5 കിലോമീറ്റർ ചുറ്റളവിലായി മറ്റൊരു സേവനദാതാവ് പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം പരിശോധിക്കേണ്ടതാണ്.

6) അപേക്ഷ നൽകിയിട്ടുള്ള സന്നദ്ധ സംഘടന സേവനദാതാവ് ആയി രജിസ്റ്റർ ചെയ്യപ്പെടാൻ യോഗ്യതയുള്ളതാണ് എന്ന് കണ്ടെത്തിയതിനുശേഷം പ്രസ്തുത സംഘടനയുടെ മുൻ വർഷങ്ങളിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച് ഒരു പരിശോധന വനിത സംരക്ഷണ ഓഫീസർ നടത്തേണ്ടതാണ്. സംഘടനയുടെ വാർഷിക റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ അപാകതകൾ ഇല്ലാത്തതാണെന്നും ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും താഴെ കൊടുത്തിരിക്കുന്ന രേഖകൾ പരിശോധിക്കേണ്ടതുമാണ്.

- ബാലൻസ് ഷീറ്റ്.
- വരവ്-ചെലവ് കണക്ക് സ്റ്റേറ്റ്മെന്റ്.
- ക്യാഷ് ബുക്ക്, ലെഡ്ജർ.
- ബാങ്ക് പാസ്സ് ബുക്ക് & ചെക്ക് ഇഷ്യൂ രജിസ്റ്റർ.
- ബാങ്ക് സ്റ്റേറ്റ്മെന്റ്.
- ബാങ്ക് അക്കൗണ്ട് വഴിയല്ലാതെ ലഭിക്കുന്ന സംഭാവനകൾ ചെലവഴിക്കുന്ന വിധം.

എല്ലാ ബ്ലോക്കിലും ഓരോ SPC ഉണ്ടാകേണ്ടത് അനിവാര്യമാണ്. ആകയാൽ SPC കൾ നിലവിൽ ഇല്ലാത്ത ബ്ലോക്കുകളിൽ ആയവ ആരംഭിക്കുന്നതിനു NGO കളിൽ നിന്നും EOI ക്ഷണിക്കേണ്ടതും ,ലഭ്യമാകുന്ന അപേക്ഷകൾ WPO മാർക്ക് കൈമാറേണ്ടതും ,WPO മാർ ആയവ പരിശോധിച്ച് അന്വേഷണ റിപ്പോർട്ട് ശുപാർശ സഹിതം ജില്ലാ വനിത ശിശു വികസന ഓഫീസർക്കു തിരികെ കൈമാറേണ്ടതുമാണ് . WPO മാരിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകളിൽ SPC ആയി രജിസ്റ്റർ ചെയ്യുന്നതിനു അർഹതയുള്ളതുമാത്രം വ്യക്തമായ ശുപാർശ സഹിതം 27.02.2021 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

for

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

എല്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

പകർപ്പ്.

1.എല്ലാ WPO മാർക്കും
2.സെക്രട്ടറി,KSSWB
3.സ്റ്റോക്ക് ഫയൽ

## ഫോറം VI
## (റൂൾ 11(1) കാണുക)

**2005-ലെ ഗാർഹിക അതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമത്തിലെ 10(1) വകുപ്പ് പ്രകാരം സർവ്വീസ് പ്രൊവൈഡർമാരായി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫോറം**

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര് | |
| 2. | വിലാസം (ഫോൺ നമ്പർ, ഇ-മെയിൽ) | |
| 3. | നൽകുന്ന സേവനങ്ങൾ | • അഭയം<br>• മനോരോഗ കൗൺസിലിംഗ്<br>• കുടുംബ കൗൺസിലിംഗ്<br>• തൊഴിൽ പരിശീലനകേന്ദ്രം<br>• ചികിത്സാ സഹായം<br>• ബോധവത്ക്കരണ പരിപാടികൾ<br>• ഗാർഹിക അതിക്രമത്തിന് ഇരയായ ഒരു സംഘം ആൾക്കാർക്ക് വേണ്ടിയുള്ള കൗൺസിലിംഗ്<br>• മറ്റെന്തെങ്കിലും (-------------) |
| 4. | സേവനങ്ങൾ നൽകാൻ നിയമിച്ചിട്ടുള്ള ആളുകളുടെ എണ്ണം | |
| 5. | നിങ്ങളുടെ സ്ഥാപനംവഴി നൽകുന്ന സേവനങ്ങൾക്ക് നിയമപരമായി കുറഞ്ഞ വിദഗ്ദ്ധ യോഗ്യത നിഷ്കർഷിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദീകരിക്കുക | |
| 6. | ഇത്തരത്തിലുള്ള ആൾക്കാരുടെ പട്ടികയും അവർ ചെയ്യുന്ന ജോലിയും അവരുടെ പ്രൊഫഷണൽ യോഗ്യതകളും ഉള്ളടക്കം ചെയ്തിട്ടുണ്ടോ? | അതെ ☐<br>ഇല്ല ☐ |
| 7. | സേവനങ്ങൾ നൽകി വരുന്ന കാലയളവ് | • 3 വർഷം<br>• 4 വർഷം<br>• 5 വർഷം<br>• 6 വർഷം<br>• 6 വർഷത്തിൽ കൂടുതൽ |
| 8. | ഏതെങ്കിലും നിയമമോ റഗുലേഷനോ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ രജിസ്റ്റർ നമ്പർ | |
| 9. | നിയമപ്രകാരം നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങൾ നിറവേറ്റിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ റഗുലേറ്ററി ബോഡിയുടെ പേരും മേൽവിലാസവും | |

| | | |
|---|---|---|
| 10. | ഷെൽട്ടർ ഹോമിൽ ആവശ്യത്തിന് സ്ഥലമുണ്ടോ? | ഉണ്ട് ☐<br>ഇല്ല ☐ |
| 11. | ആകെയുള്ള വിസ്തീർണ്ണം | |
| 12. | മുറികളുടെ എണ്ണം | |
| 13. | മുറികളുടെ വിസ്തീർണ്ണം | |
| കുറിപ്പ് - ഷെൽട്ടർ ഹോമുകളെ സംബന്ധിച്ചാണെങ്കിൽ 10 മുതൽ 18 വരെയുള്ള കോളങ്ങൾ പരിശോധന നടത്തിയശേഷം രജിസ്റ്റർ ചെയ്യുന്ന അധികാരിയാണ് പൂരിപ്പിക്കേണ്ടത് | | |
| 14. | സുരക്ഷാ ക്രമീകരണങ്ങൾ | |
| 15. | അന്തേവാസികളുടെ ഉപയോഗത്തിനായി ഒരു ടെലിഫോൺ കഴിഞ്ഞ മൂന്നു വർഷമായി ഉപയോഗത്തിലുണ്ടെന്ന് എന്തെങ്കിലും രേഖയുണ്ടോ? | |
| 16. | ഏറ്റവും അടുത്തുള്ള ആശുപത്രി/ക്ലിനിക്കിലേക്കുള്ള ദൂരം | |
| 17. | ഡോക്ടർമാരുടെ സന്ദർശനത്തിലേയ്ക്കായി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടോ? | ഉണ്ട് ☐<br>ഇല്ല ☐ |
| | ഉണ്ടെങ്കിൽ ഡോക്ടറുടെ പേര് | |
| | ഡോക്ടറുടെ വിലാസം | |
| | ബന്ധപ്പെടാനുള്ള ഫോൺ നമ്പർ | |
| | വിദ്യാഭ്യാസ യോഗ്യത | |
| | സ്പെഷ്യലൈസേഷൻ | |
| 18. | നിലവിലുള്ള മറ്റെന്തെങ്കിലും സൗകര്യങ്ങൾ വ്യക്തമാക്കുക. | |
| കുറിപ്പ് - കൗൺസിലിംഗ് സെന്ററുകളുടെ കാര്യത്തിൽ 19 മുതൽ 25 വരെയുള്ള കോളങ്ങൾ പരിശോധനയ്ക്കു ശേഷം രജിസ്റ്റർ ചെയ്യുന്ന അധികാരിയാണ് പൂരിപ്പിക്കേണ്ടത് | | |
| 19. | കേന്ദ്രത്തിലുള്ള കൗൺസിലർമാരുടെ എണ്ണം | |
| 20. | കൗൺസിലർമാരുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത | • ബിരുദമില്ല<br>• ബിരുദധാരി<br>• ബിരുദാനന്തര ബിരുദധാരി<br>• ഡിപ്ലോമ<br>• പ്രൊഫഷണൽ ബിരുദം |

| | | |
|---|---|---|
| | | • മറ്റേതെങ്കിലും (---------) |
| 21. | കൗൺസിലർമാരുടെ പ്രവർത്തന പരിചയം | • ഒരു വർഷത്തിൽ താഴെ<br>• ഒരു വർഷം<br>• രണ്ട് വർഷം<br>• മൂന്ന് വർഷം<br>• മൂന്ന് വർഷത്തിൽ കൂടുതൽ |
| 22. | കൗൺസിലർമാരുടെ പ്രൊഫഷണൽ യോഗ്യതയും പരിചയവും | • പ്രൊഫഷണൽ ബിരുദം<br>• ഫാമിലി കൗൺസിലിംഗിൽ (ഉദ്യോഗപ്പേര്) ആയി -------- (സംഘടനയുടെ പേര്)<br>• മനോരോഗ കൗൺസിലിംഗിൽ ------ (ഉദ്യോഗപ്പേര് ആയി ------ -(സംഘടനയുടെ പേര്)<br>• മറ്റെന്തെങ്കിലും പരിചയം വ്യക്തമാക്കുക |
| 23. | കൗൺസിലർമാരുടെ പേരും യോഗ്യതയും ഉൾപ്പെടുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ടോ ? | ഉണ്ട് ☐<br>ഇല്ല ☐ |
| 24. | ഏതു തരത്തിലുള്ള കൗൺസിലിംഗ് ആണ് | • ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകമായുള്ള കൗൺസിലിംഗ്<br>• കോഗ്നീറ്റീവ് ബിഹേവിയറൽ തെറാപ്പി (സി.ബി.ടി.) (സ്വയം മനസ്സിലാക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതി നും മനസ്സിനെ സജ്ജമാക്കുന്ന തിനുള്ളത്)<br>• ഗാർഹിക അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള ഒരു കൂട്ടം ആൾക്കാർക്ക് പൊതുവായിട്ടുള്ളത്<br>• കുടുംബ കൗൺസിലിംഗ് |
| 25. | നിലവിലുള്ള സൗകര്യങ്ങൾ | • വ്യക്തിപരമായ വിദഗ്ദ്ധ കൗൺസിലിംഗ്<br>• പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും വികാരങ്ങൾ പ്രകടിപ്പിക്കു വാനുമുള്ള സുരക്ഷിത സ്ഥലം<br>• കൗൺസിലിംഗ് സേവനങ്ങൾ, സന്നദ്ധ പ്രവർത്തകർ, മാനസിക ആരോഗ്യരക്ഷ എന്നിവയെ ക്കുറിച്ചുള്ള വിവരശേഖരം<br>• ഒറ്റയ്ക്ക്, ഒറ്റയ്ക്കുള്ളതും ഗ്രൂപ്പായുമുള്ള കൗൺസിലിംഗ്<br>• മാനസികവും ശാരീരികവുമായ ചികിത്സാ കൗൺസിലിംഗ്<br>• മറ്റെന്തെങ്കിലും (------------) |
| 26. | മറ്റെന്തെങ്കിലും സേവനങ്ങൾ | 1. നൽകപ്പെടുന്ന സേവനങ്ങൾ<br>2. നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ<br>3. ഈ സേവനങ്ങൾക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ യോഗ്യത |

| | | |
|---|---|---|
| | | 4. നിയോഗിച്ചിട്ടുള്ള വ്യക്തികളുടെ പേരും അവരുടെ പ്രൊഫഷണൽ യോഗ്യതയും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ടോ?<br>ഉണ്ട് ☐<br>ഇല്ല ☐<br>5. രജിസ്റ്റർ ചെയ്യപ്പെടാൻ ആഗ്രഹിക്കുന്ന സർവ്വീസ് പ്രൊവൈഡർ നൽകുന്ന മറ്റെന്തെങ്കിലും വിവരം |

സ്ഥലം :

തീയതി :

**ഒപ്പ്**
**പരിശോധന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ**
**ഉദ്യോഗപ്പേര്**

**(മുദ്ര)**